കേരള സാഹിത്യ അക്കാദമി
പി.ബി.നമ്പർ 501, ടൗൺ ഹാൾ റോഡ്, തൃശൂർ 680020, ഫോൺ&ഫാക്സ് 0487 2331069, 2331103
ഇ.മെയിൽ: keralasahityaakademi@gmail.com
വെബ്സൈറ്റ്: www keralasahityaakademi.org

23.09.2017

പത്രക്കുറിപ്പ്:

# മനുഷ്യ അസ്തിത്വത്തിന്റെ അന്വേഷണമാണ് സാഹിത്യം

## കെ.വി.മോഹൻകുമാർ

മനുഷ്യഅസ്തിത്വത്തിന്റെ അന്വേഷണമാണ് സാഹിത്യമെന്നും സാഹിത്യകാരൻ എക്കാലവും മനുഷ്യന്റെ അവസ്ഥകളുടെ അന്വേഷകനാണെന്നും കെ.വി.മോഹൻകുമാർ ഐ.എ.എസ്. പറഞ്ഞു. കേരള സാഹിത്യ അക്കാദമി കൊടകര സഹൃദയ കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് മലയാള വിഭാഗത്തിന്റെ സഹകരണത്തോടെ സംഘടിപ്പിച്ച *സഹിതം 2017* ദ്വിദിന സാഹിത്യശില്പശാലയുടെ സമാപനസമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഒരു എഴുത്തുകാരൻ തന്റെ ജാലകത്തിലൂടെ പുറംകാഴ്ചകളിൽ തെളിയുന്ന ജീവിതയാഥാർത്ഥ്യങ്ങളിലേയ്ക്ക് നോക്കുമ്പോഴാണ് അയാളുടെ രചന സാഹിത്യമായി മാറുന്നത്. ഒരേസമയം പുറത്തേയ്ക്കും അകത്തേയ്ക്കും തുറക്കുന്ന ജാലകമാണ് എഴുത്തുകാരന്റെ മനസ്സ്. ആ ജാലകത്തിലൂടെ പതിയുന്ന കാഴ്ചകൾ അയാളെ മഥിച്ചു തുടങ്ങുന്നതോടെ എഴുത്ത് എന്ന കണ്ടെത്തലിന് തുടക്കമാവുന്നു. ധ്യാനനിരതമായ ഓരോ രചനയും ഓരോ കണ്ടെത്തലാണെന്നും അദ്ദേഹം പറഞ്ഞു. ഫാ.ലാസർ കുറ്റിക്കാടൻ അധ്യക്ഷതവഹിച്ചു. സാഹിത്യ അക്കാദമി സെക്രട്ടറി ഡോ.കെ.പി.മോഹനൻ സമാപനപ്രഭാഷണവും സാക്ഷ്യപത്രവിതരണവും നിർവഹിച്ചു. സഹൃദയ കോളേജ് പ്രിൻസിപ്പാൾ ഡോ.കെ.ജെ.ആന്റണി, വി.ജി.തമ്പി, അനുപ് എം.ആർ.എന്നിവർ സംസാരിച്ചു. രാവിലെ നടന്ന സെമിനാറിൽ അശോകൻ ചരുവിൽ, ഡോ.റോസി തമ്പി, ഡോ.പി.ഗീത എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

**ഡോ.കെ.പി.മോഹനൻ**
സെക്രട്ടറി

JM